## കത്തുകൾ




# പ്രത്യയശാസ്ത്രത്തിൽ വെള്ളം ചേർക്കുന്നത് എന്തുകൊണ്ട്?

**കമ്യൂണിസ്റ്റ്** പാർട്ടികളിൽ പ്രവർത്തിക്കുന്നവർക്ക് ഈശ്വരവിശ്വാസം ആകാമോ എന്ന് വീണ്ടും ചർച്ച ചെയ്യപ്പെടുകയാണല്ലോ. ആത്മീയത, ദൈവവിശ്വാസം എന്നീ പ്രതിഭാസങ്ങൾക്കു മുമ്പിൽ ശാസ്ത്രജ്ഞർ പോലും അന്ധാളിച്ചു നിൽക്കുകയാണെങ്കിലും കേരളത്തിൽ മാത്രം വിഷയം ചർച്ച ചെയ്യപ്പെടുന്നത് പഴയകാല കമ്യൂണിസ്റ്റുകളുടെ വരണ്ടതും യാന്ത്രികവും ഉപരിപ്ലവവുമായ ശൈലിയിലാണ്. ദൈവവിശ്വാസത്തെക്കുറിച്ച് നിരീശ്വരവാദികളായ ശാസ്ത്രജ്ഞരുടെ വിശകലനമെങ്കിലും ശ്രദ്ധിക്കാൻ കേരള ബുദ്ധിജീവികൾക്ക് കഴിഞ്ഞിരുന്നെങ്കിലെന്ന് തോന്നിപ്പോവുന്നു. 'അതിജീവനത്തിനുവേണ്ടി സാഹചര്യങ്ങളെ സമർഥമായി നേരിടാൻ ഓരോ സ്പിഷീസും പ്രകൃതി നിർധാരണത്തിലൂടെ ചില കഴിവുകളും തന്ത്രങ്ങളും നേടിയെടുത്തിട്ടുണ്ട്. സ്നേഹം, ഭയം, കരുണ തുടങ്ങിയ വികാരങ്ങളെപ്പോലെ, പാമ്പുകളെ ഒരിക്കലും കണ്ടിട്ടില്ലാത്ത കൂട്ടിലടച്ച കുരങ്ങിൻ കുഞ്ഞുങ്ങളുടെയടുത്തേക്ക് പാമ്പിനെ വിട്ടാൽ അവ ഭയന്നോടുന്ന പോലെ, ജനിച്ചു വീണയുടൻ മനുഷ്യക്കുഞ്ഞ് മുലക്കണ്ണുകൾ തെരയുന്ന പോലെ, ഹോമോ സാപ്പിയൻസ് എന്ന മനുഷ്യന്റെ തലച്ചോറിൽ ആ സ്പിഷീസിന്റെ അതിജീവനത്തിനു വേണ്ടിയും , പ്രതിസന്ധികൾ തരണം ചെയ്യാൻ വേണ്ടിയും ജന്മനാ പ്രോഗ്രാം ചെയ്തുവെച്ചതാണ് ആത്മീയതയിലും ദൈവത്തിലുമുള്ള വിശ്വാസം' എന്നാണ് ഇന്ന് നിരീശ്വര ശാസ്ത്രജ്ഞർ പോലും പറയുന്നത്. പ്രകൃതി നിർധാരണണഇത്തിന് പുറകിലാരെന്നോ, മനുഷ്യന്റെ തലച്ചോറിൽ കാര്യങ്ങൾ പ്രോഗ്രാം ചെയ്തുവെച്ചതാരെന്നോ ഉള്ള ചോദ്യത്തിന് 'പ്രകൃതി' എന്നാവും മറുപടി. ഏതായാലും മനുഷ്യന്റെ കണ്ടെത്തലുകൾ പുരോഗമിക്കുന്നതിനനുസരിച്ച് ദൈവത്തിന്റെ വലിപ്പം കുറഞ്ഞു കുറഞ്ഞു വരുന്നു എന്ന പഴയ അവകാശവാദം നിരീശ്വര ശാസ്ത്രജ്ഞർക്കു പോലും ഇന്നില്ല. എന്നിട്ടും നമ്മുടെ സഖാക്കൾ വർഗബന്ധങ്ങൾ വിശകലനം ചെയ്യുന്ന ലാഘവബുദ്ധിയോടെയാണ് ദൈവവിശ്വാസം ചർച്ച ചെയ്യുന്നത്. സ്വന്തം ഭാര്യാസന്താനങ്ങൾ ആത്മീയദാഹം തീർക്കാൻ തങ്ങളിക്കാലം വരെ ശക്തമായെതിർത്ത പ്രതിലോമ സ്വഭാവമുള്ള കൾട്ടുകളിലും ആൾദൈവങ്ങളിലുമെത്തിച്ചേരുന്നതിന്റെ രസതന്ത്രം സഖാക്കൾക്ക് മനസ്സിലാവുന്നില്ല. യൗവനത്തിൽ വിപ്ലവത്തിന്റെ തീപ്പന്തങ്ങളായിരുന്നവർ നാൽപതു വയസ്സാവുമ്പോഴേക്ക് താൽപര്യങ്ങൾക്കു കീഴടങ്ങുകയും പ്രത്യയശാസ്ത്രത്തിൽ വെള്ളം ചേർക്കുകയും ചെയ്യുന്നത് മറ്റൊരു ഭാവിയെക്കുറിച്ച് പ്രതീക്ഷകളില്ലാത്തതുകൊണ്ടാണ്; പരലോകമെന്ന ആത്മീയ ജീവിതമോ, സ്വർഗമെന്ന പ്രതീക്ഷയോ, നരകമെന്ന ഭയമോ ഇല്ലാത്തതുകൊണ്ടാണ്. ധീരസഖാക്കളുടെ കൈകളിൽ പോലും അഴിമതിയുടെ കറപുരളുന്നത് എല്ലാം കാണുന്ന ദൈവത്തെക്കുറിച്ച ചിന്തയില്ലാത്തതുകൊണ്ടാണ്. ഇക്കാര്യങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ അവർക്ക് തങ്ങളുടെ ആത്മാവുകളെ രക്ഷപ്പെടുത്താൻ കഴിയൂ; സമൂഹത്തിന്റെ രക്ഷക്ക് എന്തെങ്കിലും സംഭാവനകളർപ്പിക്കാൻ കഴിയൂ. മതത്തിന്റെ പേരിലുള്ള തീവ്രവാദം, വർഗീയത, ഫാഷിസം, ആത്മീയ-ആൾദൈവ വ്യവസായങ്ങൾ എന്നിവയെ തടയാൻ ഇനി യഥാർഥ മതവിശ്വാസം മാത്രമേ സഹായകമാവൂ. നിരീശ്വരവാദത്തിന്റെ ചരിത്രം അവസാനിച്ചിരിക്കുന്നു.

**ഹനീഫ് വളാഞ്ചേരി**

# ഇനി ദഹനക്രിയകൾ

**"കോടിയേരി** നിഷേധിച്ചാലും ഇല്ലെങ്കിലും കാടാമ്പുഴ ക്ഷേത്രത്തിൽ പൂമൂടുന്ന കമ്യൂണിസ്റ്റുകാരനും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്ന് കടമെടുക്കുന്ന കമ്യൂണിസ്റ്റുകാരനും തമ്മിൽ പൊതുവായ ചിലതുണ്ട്. ക്ലാസിക്കൽ കമ്യൂണിസത്തിന്റെ ശാസനകളിൽനിന്ന് ഇരുവരും പുറത്തുവന്നിരിക്കുന്നു എന്ന വസ്തുതയാണ് അത്. അഥവാ പുതിയ കാലത്തിന്റെ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലേക്കും വസ്തുനിഷ്ഠതകളിലേക്കും ഇരുവരും കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. അതായത് ഒരു കമ്യൂണിസ്റ്റാനന്തര കമ്യൂണിസ്റ്റ് പാർട്ടിയായി കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു. ഈ പരിണാമത്തെക്കുറിച്ചാണ് ജേക്കബ് കാർവിൻസ്കി ഇങ്ങനെ പറയുന്നത്: മാർക്സിസം ഇന്നൊരു ബൗദ്ധിക വിഷയം മാത്രമല്ല. അതിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാത്തവർക്കും യഥേഷ്ടം വ്യാഖ്യാനിക്കാവുന്നവിധം കൃത്യമല്ലാത്ത പരികൽപനകളുടെ സംവിധാനം കൂടിയാണ്. ചിലർ തന്ത്രപൂർവം തങ്ങളതിൽ വിശ്വസിക്കുന്നുവെന്ന് സ്വയം വിശ്വസിപ്പിക്കുന്നു" ('കമ്യൂണിസവും പൂമൂടലും'- ടി.പി രാജീവൻ *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2007 മാർച്ച് 4).

ലോക കമ്യൂണിസത്തിന്റെ പോക്ക് ഇതാണെങ്കിൽ, കേരളത്തിലെ ഇടതുമുന്നണി ഒരു വായ്പാകരാറിൽ ഒപ്പുവെച്ചത് കണ്ട് അന്തംവിട്ട് നിൽക്കേണ്ട വല്ല കാര്യവുമുണ്ടോ? അഴുക്കുപുരണ്ട രാഷ്ട്രീയ കുപ്പായങ്ങളിൽ അച്യുതാനന്ദന് മാത്രം കഞ്ഞിവെള്ളം മുക്കി ഇസ്തിരിയിട്ടത് വേണമെന്ന് നമുക്കെന്തിനിത്ര വാശി? 'കേരള മോഡൽ' എന്നൊന്നും പറഞ്ഞ് വെറുതെ ശല്യമുണ്ടാക്കരുത്. ചൈനയോളമെത്തിയില്ലെങ്കിലും നമുക്ക് ഒരു കൊച്ചു ബംഗാളെങ്കിലുമാവണ്ടേ? കമ്യൂണിസം V/S മുതലാളിത്തം എന്ന ലളിത യുക്തികളൊക്കെ മാറ്റിവെക്കുക. സകല കമ്യൂണിസ്റ്റ് 'ക്യൂൻമേരികളും' മുതലാളിത്ത പാരാവാരത്തിൽ മുങ്ങിത്താഴുമ്പോൾ കടലാസുതോണികളെ ഓർത്ത് പരിഭവിക്കുന്നതെന്തിന്? ആദർശ പ്രമാണങ്ങൾക്ക് മേൽ പുഷ്പാർച്ചന നടന്നിരിക്കെ ഇനി ദഹനക്രിയകൾക്കായി കാത്തിരിക്കുക.

**വി.ടി അനീസ് അഹ്മദ്**
**മുള്ളൻകുന്ന്, കുറ്റ്യാടി**

# ഇടിമുഴക്കങ്ങൾ

പി.കെ ഗോപിയുടെ 'ഇടിമുഴക്കങ്ങൾ' എന്ന കവിത (ലക്കം 38) വായിച്ചു. ശ്രുതി മീട്ടാനറിയാത്ത, ചോരക്കറയാൽ വികൃതമായ പരുക്കൻ വിരലുകൾ പ്രപഞ്ചത്തിന്റെ വീണക്കമ്പികളെ തൊട്ടാൽ അത് ഇടിമുഴക്കങ്ങളേ ഉണ്ടാക്കൂ!

ആകാശങ്ങളിലും ഭൂമിയിലും ആധിപത്യം സ്ഥാപിച്ചെടുക്കാൻ ആധുനിക ഫറോവമാർ വട്ടമിട്ടു പറക്കുമ്പോൾ പ്രപഞ്ചതാളശബ്ദം ഘോരമായിരിക്കും!

നിരപരാധികളുടെ ചോരയിൽ മുക്കിയ ചെങ്കോലുയർത്തി അവർ വീണ്ടും ഘോഷിക്കുന്നു-ഇതാ ജനാധിപത്യം ഞങ്ങളുടെ കരങ്ങളിൽ മാത്രം ഭദ്രം!

**അലവി വീരമംഗലം**